(ബി) ഫിഷിംഡവലപ്പ്മെന്റ് കോർപ്പറേഷന്റെ 31–5–1986 വരെയുള്ള ആസ്തി—ബാദ്ധ്യതകളും താൽക്കാലികമായി താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

ആസ്തി 605 ലക്ഷം രൂപ
ബാദ്ധ്യത 1010 ലക്ഷം രൂപ

ഇവ ആഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത കണക്കാണ്.

വിദേശങ്ങളിൽനിന്നും വാങ്ങിയ മൽസ്യക്കുഞ്ഞുങ്ങൾ

1131 [2062] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യസമ്പത്ത് സമ്പുഷ്ടമാക്കാനും പുതിയതരം മൽസ്യങ്ങളെ വളർത്താനും കേന്ദ്ര സഹായത്തോടുകൂടി 1979–ൽ മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽപരിപാടി തുടങ്ങിയിരുന്നുവോ;

(ബി) ഇതിലേക്കായി വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വരുത്തി വളർത്തിയിരുന്നുവോ;

(സി) എങ്കിൽ 7–7–1986 വരെ കൊണ്ടുവന്ന കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഡി) അതിൽ ചാകാതെയുള്ള കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഇ) അതിനായി ചെലവഴിച്ച സംഖ്യ എത്ര;

(എഫ്) ഇക്കാര്യത്തിനായി സംസ്ഥാനം 7–7–1986 വരെ എത്ര സംഖ്യ ചെലവഴിച്ചു;

(ജി) 7–7–1986 വരെ മൽസ്യങ്ങളെ വിറ്റ വകയിൽ എത്ര സംഖ്യ വരവുണ്ടായി?

ഉത്തരം

(എ) മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽ പരിപാടി 1978 മുതൽ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ പരിപാടിക്ക് യാതൊരുവിധമായ കേന്ദ്ര സഹായവും ലഭിച്ചിട്ടില്ല.

(ബി) ഇതിലേക്ക് വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടില്ല.

(സി, ഡി, ഇ, എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻകൃഷിക്ക് ലഭിക്കുന്ന കേന്ദ്ര സഹായം

1132 [2063] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻകൃഷിക്ക് പൊതുവായും ചെമ്മീൻകൃഷിക്ക് പ്രത്യേകമായും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. മൽസ്യകർഷക വികസന ഏജൻസികളും മുഖേന സംസ്ഥാനത്ത് മൽസ്യക്കൃഷി വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. കൂടാതെ ചെമ്മീൻകൃഷി വികസനത്തിന് വേണ്ടിയുള്ള പദ്ധതിയായ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങളും (ആയിരംതെങ്ങ്, ഞാറയ്ക്കൽ, പാലെക്കരി) പുതുക്കിപ്പണിയുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

(ബി) മേൽപ്പറയുന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി വിഹിതത്തിന്റെ 50% കേന്ദ്ര സഹായമായി ലഭിക്കുന്നു.

മൽസ്യസംസ്കരണകോർപ്പറേഷൻ രൂപീകരണം

1133 [2064] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫീഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ, മൽസ്യബന്ധന സംസ്കരണ വിപണനത്തിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മലമ്പുഴ, പോളച്ചിറ തുടങ്ങിയ മൽസ്യ ഉൽപ്പാദന കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന കാഷ്വൽ തൊഴിലാളികൾ

1134 [2065] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ മലമ്പുഴ, പോളച്ചിറ തുടങ്ങിയ മൽസ്യ ഉൽപ്പാദന കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന കാഷ്വൽ തൊഴിലാളികൾ എത്ര;

(ബി) ഇവരുടെ കൂലിനിരക്കും മറ്റ് നിബന്ധനകളും ആരാണ് നിശ്ചയിക്കുന്നത്;

(സി) നിലവിലുള്ള വേതന നിരക്കുകൾ എത്രയാണ്?

ഉത്തരം

(എ) 4 മുതൽ 15 വരെ കാഷ്വൽ തൊഴിലാളികൾ മലമ്പുഴയിലും, 4 മുതൽ 8 വരെ കാഷ്വൽ തൊഴിലാളികൾ പോളച്ചിറയിലും പണിയെടുക്കുന്നുണ്ട്.

(ബി) പി. ഡബ്ലിയു. ഡി. നിശ്ചയിക്കുന്ന കൂലിനിരക്ക് ഇവർക്കും ബാധകമാക്കിയിട്ടുണ്ട്.

(സി) ഒരു ദിവസത്തേക്ക് 15 രൂപ.

LIBRARY ARCHIVES Kerala Legislative Assembly